LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷ ക്ഷേമവകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകൾ സംസ്ഥാനാടിസ്ഥാനത്തിലാണ് നൽകിവരുന്നത്. അതിനാൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. 2014-15 അദ്ധ്യയന വർഷം മുതലാണ് സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ളത്. ആദ്യകാലങ്ങളിൽ വകുപ്പ് നൽകിവന്ന സി.എ/ ഐ.സി.ഡബ്ല്യു. എ/സി.എസ്. സ്കോളർഷിപ്പ് (2013-14 മുതൽ), ഫീ റി-ഇംമ്പേഴ്സ്മെൻറ് ഫോർ പ്രൈവറ്റ് ഐ.റ്റി.ഐ സ്റ്റുഡൻറ് (2013-14 മുതൽ) എന്നിവ ഓൺലൈൻ മുഖേനയല്ല നൽകി വന്നിരുന്നത്. 2013-14 അദ്ധ്യയന വർഷം നൽകിയ ടി സ്കോളർഷിപ്പിന്റെ വിവരങ്ങൾ മതം തിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ പ്രസ്തുത വർഷത്തിൽ സി.എ/ ഐ.സി.ഡബ്ല്യു.എ/ സി.എസ് സ്കോളർഷിപ്പ് ആകെ 198 വിദ്യാർത്ഥികൾക്കായി 19.98 ലക്ഷം രൂപ വിനിയോഗിക്കുകയും, ഫീ റി-ഇംമ്പേഴ്സ്മെൻറ് ഫോർ പ്രൈവറ്റ് ഐ.റ്റി.ഐ - പഠിക്കുന്ന ആകെ 725 വിദ്യാർത്ഥികൾക്കായി 100 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് മാത്രമാണ് മുസ്ലിം, ലത്തീൻ/ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിലെ പെൺകുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന മറ്റ് 7 സ്കോളർഷിപ്പുകളും എല്ലാ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും ആൺ/പെൺ വ്യത്യാസമില്ലാതെ നൽകിവരുന്നു. അതിനാൽ അതിൽ ലത്തീൻ/പരിവർത്തിത ക്രിസ്ത്യാനികളുടെ കണക്കുകൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. ക്രിസ്ത്യൻ വിഭാഗത്തെ മൊത്തത്തിലാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്പോൾ ന്യൂനപക്ഷ ക്ഷേമ വകുപ്പ് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നത് ഓൺലൈൻ മുഖേനയാണ്. 2014 മുതൽ 2021 മാർച്ച് മാസം വരെ ഓരോ വർഷവും അനുവദിച്ച സ്കോളർഷിപ്പുകളുടെ പേരും എണ്ണവും തുകയും അനുബന്ധമായി ചേർക്കുന്നു*.

അർദ്ധ അതിവേഗ റെയിൽ പദ്ധതി

158 (4883) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കാനിരിക്കുന്ന അർദ്ധ അതിവേഗ റെയിൽ പദ്ധതിയിൽ എത്ര സ്റ്റോപ്പുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും പ്രസ്തുത റെയിൽപാത ഏതെല്ലാം ജില്ലകളിലൂടെയാണ് കടന്നു പോകുന്നതെന്നും വിശദമാക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത റെയിൽപാത പാലക്കാട് ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ അംഗീകരിച്ച വിശദ പദ്ധതി റിപ്പോർട്ട് പ്രകാരം അർദ്ധ അതിവേഗ റെയിൽ പദ്ധതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള 11 സ്റ്റേഷനുകളാണ് വിഭാവന ചെയ്തിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, കൊച്ചി എയർപോർട്ട്, തൃശ്ശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവയാണ് സ്റ്റേഷനുകൾ. പ്രസ്തുത റെയിൽപാത; തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 11 ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്.

നിലമ്പൂർ മണ്ഡലത്തിലെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

159 (4884) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലെ ഏതെല്ലാം വിഭാഗങ്ങളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിലുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

&

(ബി) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നാണ് പുതുതായി എസ്.പി.സി. തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) എയിഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്നതിന് സ്കൂൾ മാനേജ്മെന്റ് ഒരുക്കേണ്ട സൗകര്യങ്ങളും ഒടുക്കേണ്ട തുകയും എത്രയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഇളവുകൾ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പുതുതായി എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിന് രണ്ട് അദ്ധ്യാപകരെ എസ്.പി.സി പദ്ധതി നയിക്കുന്നതിന് സ്കൂളുകളിൽ നിയോഗിക്കേണ്ടതും ആൺകുട്ടികളും പെൺകുട്ടികളുമുള്ള സ്കൂളിൽ അദ്ധ്യാപകരിൽ ഒരാൾ വനിതയായിരിക്കണം. കായിക ക്ഷമതാ പരിശീലനത്തിന് ഗ്രൗണ്ട്, എസ്.പി.സി. ഓഫീസ് സജ്ജീകരിക്കുന്നതിനുള്ള മുറി, കേഡറ്റുകൾക്ക് എസ്.പി.സി. യൂണിഫോം, പി.ടി.ഡ്രസ്സ് എന്നിവ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly